പി.എ.എൻ/6796/2020/ജെ4 (ഡിപി)

**പഞ്ചായത്ത് ഡയറക്ടറാഫീസ്,**
**പബ്ലിക് ഓഫീസ് പി ഓ ,**
**തിരുവനന്തപുരം 695033 ,**
**തീയതി. 12.10.2020**

# <u>സർക്കുലർ</u>

വിഷയം:-പഞ്ചായത്ത് വകുപ്പ്-സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വിഷരഹിത പച്ചക്കറി കൃഷിക്കും,ജൈവ കൃഷിക്കും ഉള്ള പദ്ധതികൾ ഏറ്റെടുത്ത് കാര്യക്ഷമമായി നടപ്പിലാക്കേണ്ടത്-മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1) ജി.ഒ (എം.എസ്) നം.10/2017/തസ്വഭവ തീയതി 09.01.2017
2) സ.ഉ (കൈ) നം.11/2018/ തസ്വഭവ തീയതി. 29.01.2018
3) സ.ഉ (കൈ) നം.22/2018/ തസ്വഭവ തീയതി. 14.02.2018
4) സ.ഉ (എം.എസ്) 14/2020/ ആ.സ.വ തീയതി. 18.05.2020.
5) സ.ഉ (ആർ.റ്റി) നം.928/2020/ തസ്വഭവ തീയതി. 20.05.2020
6) സർക്കുലർ നമ്പർ.ആർ.സി 4/149/2020/തസ്വഭവ തീയതി. 15.07.2020
7) സർക്കുലർ നമ്പർ.ആർ.സി 3/293/2020/തസ്വഭവ തീയതി. 12.10.2020

വികേന്ദ്രീകൃതാസൂത്രണ പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിൽ 1997-98 മുതൽക്കുള്ള പരിചയവും അനുഭവസമ്പത്തും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. സംസ്ഥാനത്തെ 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാരും തയ്യാറാക്കുന്ന പദ്ധതികൾ ചേർന്നതാണ് സംസ്ഥാന പദ്ധതി. ആയതിനാൽ സമഗ്ര പ്രാദേശിക വികസനത്തിനും സ്വയം പര്യാപ്തതക്കുമായി തദ്ദേശ സർക്കാരുകൾ തയ്യാറാക്കി നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമതയും ഗുണമേന്മയും ലക്ഷ്യ പ്രാപ്തിയും കൂടി അനുസരിച്ചായിരിക്കും സംസ്ഥാനത്തിന്റെ വികസനം സാധ്യമാകുക. സൂചന(1), (2), (3) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖകളിൽ ഉല്പാദന മേഖലയുടെ ഉണർവിനും വളർച്ചക്കും പര്യാപ്തമായ എല്ലാ വ്യവസ്ഥകളും സഹായ ഘടകങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അതുപോലെ സംസ്ഥാനത്ത് 'സുഭിക്ഷ കേരളം' പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (4) (5) ഉത്തരവുകൾ പ്രകാരവും സൂചന (6) (7) സർക്കുലറുകൾ പ്രകാരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സുഭിക്ഷ കേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി മേൽ സൂചന സർക്കാർ ഉത്തരവുകൾക്ക് വിധേയമായി താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള സത്വര നടപടികൾ തദ്ദേശ സർക്കാരുകൾ നടത്തേണ്ടതാണ്.

1.'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൃഷി വകുപ്പിന്റെ/കൃഷിഭവന്റെ സഹായത്തോടെ കൃഷിയിട വിസ്തീർണ്ണ വർദ്ധവിനായി തരിശു നിലകൃഷിയും, കാർഷിക ഉൽപാദനവർദ്ധവിനായി ടെറസ്സ് കൃഷി ഉൾപ്പെടെയുള്ള ആധുനിക കൃഷിരീതികളും കൂടുതൽ ഊർജ്ജസ്വലതയോടെ നടപ്പാക്കി വരികയാണ്. ഈ പദ്ധതികൾ ഈ വർഷം കൊണ്ട് അവസാനിക്കേണ്ടതല്ല. 'സുഭിക്ഷ കേരളം' പദ്ധതി ഒരു തുടർ പദ്ധതിയായി കണക്കാക്കി അനുയോജ്യമായ കാർഷിക പദ്ധതികൾ വരും വർഷങ്ങളിലെ പദ്ധതികളിൽ

ശരിയായ ആസൂത്രണത്തിലൂടെ ഉൾപ്പെടുത്തേണ്ട ഉത്തരവാദിത്തം തദ്ദേശ സർക്കാരുകൾ നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്.

2. കൃഷി ഭവൻ കൂടാതെ കൃഷിയുമായി ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്ര സർക്കാർ ഗവേഷണ സ്ഥാപനങ്ങൾ, അംഗീകൃത കാർഷിക ഏജൻസികൾ, ഫാമർ പ്രോഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), Farmer Producer കമ്പനികൾ (FPC) എന്നിവയുടെ സഹായവും സഹകരണവും ഉറപ്പുവരുത്തി ചെറുതും വലുതുമായ കാർഷിക കൂട്ടായ്മകളിലൂടെ സുസ്ഥിര കൃഷിരീതികൾ പ്രചരിപ്പിക്കുന്നതിനും. കർഷക കൂട്ടായ്മകൾക്ക് സാങ്കേതികവും പ്രായോഗികവുമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും നല്ല പ്രവർത്തന പരിചയമുള്ള FPO കളുടേയും FPC കളുടേയും സഹായം തദ്ദേശ സർക്കാരുകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

3.കൃഷിയിലൂടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന, വിപണിലഭ്യത ഉറപ്പാക്കുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്ന, വിള സംസ്കരണത്തിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി ലോക വിപണി തന്നെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ് തദ്ദേശ സർക്കാരുകൾ വിഭാവനം ചെയ്യേണ്ടത്. ഈ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരിത്തലുകൾ വരും വർഷങ്ങളിലും കാർഷിക മേഖലയിൽ ഉണ്ടാകുന്നതിന് ആവശ്യമായ നടപടികൾ തദ്ദേശ സർക്കാരുകൾ സ്വീകരിക്കേണ്ടതാണ്.

4.സംസ്ഥാന സർക്കാർ വലിയ ലക്ഷ്യത്തോടെ ഈ വർഷം തുടക്കമിട്ട സുഭിക്ഷ കേരളം പദ്ധതികൾക്കുള്ള വകയിരുത്തലുകൾ കാർഷിക ഉല്പാദന സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുന്ന തരത്തിൽ ആയിരിക്കേണ്ടതാണ്. സുഭിക്ഷ കേരളം പദ്ധതി എന്ന "കേരള മോഡൽ" വിഷരഹിത/ജൈവ കൃഷിരീതി ഒരു സുസ്ഥിര കൃഷി രീതിയായി വളർത്തികൊണ്ട് വരുന്നതിന് തദ്ദേശ സർക്കാരുകൾ ഉയർന്ന പരിഗണന നൽകേണ്ടതാണ്.

5.പ്രകൃതി സംരക്ഷണവും, മാലിന്യ സംസ്കരണവും ഭക്ഷ്യ സുരക്ഷയും കൈകോർക്കുന്ന പ്രകൃതി ഭക്ഷ്യ സുരക്ഷാ പദ്ധതികളുമായി സംസ്ഥാന സർക്കാർ മുന്നോട്ട് പോകുമ്പോൾ ഓരോ തദ്ദേശ സർക്കാരും അവരുടേതായ പങ്ക് വഹിക്കുന്ന വിധത്തിൽ കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്. സുഭിക്ഷ കേരളം പദ്ധതി അപ്പോഴാണ് അതിന്റെ ആത്യന്തിക ലക്ഷ്യം കൈവരിക്കുക എന്നും ഓർമ്മിപ്പിക്കുന്നു. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയും സ്വയംപര്യാപ്തയും ഉറപ്പ് വരുത്തുന്നതിനായി സുഭിക്ഷ കേരളം പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ബന്ധപ്പെട്ട വകുപ്പുകൾക്ക് തദ്ദേശ സർക്കാരുകൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതുമാണ്.

**(ഒപ്പ്)**
**പി.കെ.ജയശ്രീ.ഐ.എ.എസ്**
പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)